(ഡി) അക്കൗണ്ടന്റ് ജനറലിന്റെ മുഖ്യ കർത്തവ്യം ആഡിറ്റിംഗ് ആണെന്നിരിക്കെ ജീവനക്കാരുടെ പി.എഫ്. അക്കൗണ്ടുകൾ അതത് നിയമനാധികാരിതന്നെ സൂക്ഷിക്കണമെന്ന വ്യവസ്ഥ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) പശ്ചിമബംഗാൾ, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങളിൽ ജീവനക്കാരുടെ പി.എഫ്. അക്കൗണ്ടുകൾ അതത് നിയമനാധികാരി തന്നെയാണ് സൂക്ഷിക്കുന്നതെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) കേരള സർക്കാരിന്റെ മൊത്തം പ്രൊവിഡന്റ് ഫണ്ട് കണക്കുകളെ സംബന്ധിച്ച വിവരം സൂക്ഷിക്കുന്നത് എ.ജി. (എ ആന്റ് ഇ) കേരള തിരുവനന്തപുരം.

(ബി) മിസ്സിംഗ് ക്രഡിറ്റിന്റെ കാര്യത്തിൽ നഷ്ടം ഉണ്ടാകാൻ സാദ്ധ്യതയില്ല. ധനവകുപ്പിന്റെ സത്വര നടപടിയിലൂടെ പരിഹരിക്കുന്നു.

(സി) കണക്കുകൾ ലഭ്യമല്ല.

(ഡി) പല സംഘടനകളും നിവേദനം കൊടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നടപടി ആയിട്ടില്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കൃഷിയിലേയ്ക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിന് പദ്ധതി

23 (*530) ശ്രീ. കെ. പി. സതീശ്ചന്ദ്രൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. ജോൺഫെർണാണ്ടസ് :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷിയിലേക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിനായി എന്തെങ്കിലും പദ്ധതി നടപ്പാക്കി വരുന്നുണ്ടോ ; എങ്കിൽ വെളിപ്പെടുത്തുമോ ;

(ബി) ഏതൊക്കെ കൃഷിമേഖലകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് ;

(സി) പ്രസ്തുത പദ്ധതിയിലെ അംഗങ്ങൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്ന് അറിയിക്കാമോ ;

(ഡി) പദ്ധതിയുടെ പ്രവർത്തനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ലക്ഷം യുവാക്കൾക്ക് തൊഴിലവസരം നൽകാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പ്രസ്തുത പദ്ധതിപ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽ എത്രപേർക്ക് തൊഴിലവസരം നൽകാൻ സാധിച്ചു എന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ജി) നടപ്പു സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി എന്ത് തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(എച്ച്) പ്രസ്തുത പദ്ധതി കൂടുതൽ മേഖലയിലേക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശമുണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി) 1. വാണിജ്യാടിസ്ഥാനത്തിലുള്ള പുഷ്പകൃഷി വികസനം.

2. ഉഷ്ണ മേഖലയിൽ പഴവർഗ്ഗ വികസനം.

3. കാർഷിക രംഗത്ത് വനിതകളുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ.

4. നിയോജകമണ്ഡലങ്ങൾതോറും ഓരോ സമൃദ്ധി സ്റ്റാൾ വീതം തുടങ്ങി അവയിലൂടെ നടീൽ വസ്തുക്കളും കാർഷിക വസ്തുക്കളും വിൽക്കുന്ന പദ്ധതി.

5. സമഗ്ര പച്ചക്കറി വികസന പദ്ധതി.

(സി) പുഷ്പകൃഷി പദ്ധതി പ്രകാരം, തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, എറണാകുളം എന്നീ ജില്ലകളിൽ 25 പുഷ്പ കർഷകർ വീതമുള്ള 80 ഫ്ളോറി ക്ളബുകൾ രൂപീകരിച്ച്, അംഗങ്ങൾക്ക് പരിശീലനം, 50 ശതമാനം സഹായ നിരക്കിൽ നടീൽ വസ്തുക്കളുടെ വിതരണം, അംഗങ്ങൾക്ക് ഫ്ളോറി കാർഡുകൾ നൽകി അവ മുഖേന സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നും 6 ശതമാനം മാത്രം പലിശ നിരക്കിൽ വായ്പാ സഹായം എന്നിവ ലഭ്യമാക്കുന്നതാണ്. കർഷകർക്ക് ന്യായവില ലഭ്യമാക്കി പൂക്കൾ സംഭരിക്കുന്ന ചുമതല കേരള ഹോർട്ടി കൾച്ചർ ഡവലപ്പ്മെന്റ് കോർപ്പറേഷനെ ഏല്പിച്ചിരിക്കുന്നു. പഴവർഗ്ഗ വികസന മേഖലയിൽ വാഴ, കൈതച്ചക്ക എന്നീ വിളകൾ ടിഷ്യൂകൾച്ചർ സാങ്കേതിക വിദ്യ പ്രകാരം ഉല്പാദിപ്പിക്കുന്ന ലാബുകൾ സ്വകാര്യ മേഖലയിൽ ആരംഭിക്കുന്നതിന് യുവാക്കൾക്ക് പ്രോത്സാഹനം നൽകുന്നു. വനിതകളുടെ വികസനത്തിനായുള്ള പദ്ധതിപ്രകാരം മണ്ണിര കമ്പോസ്റ്റ്, പുഷ്പ യൂണിറ്റ്, ഫ്രൂട്ട് ജ്യൂസ് പാർലർ, ഭക്ഷ്യസംസ്കരണ യൂണിറ്റ് എന്നിവ ആരംഭിക്കുന്നതിന് 100 ശതമാനം സഹായം നൽകുന്നു. സമൃദ്ധി സ്റ്റാളുകൾ ആരംഭിക്കുന്നവർക്ക് 15 ശതമാനം വില കുറച്ച് നടീൽ വസ്തുക്കൾ നൽകി വരുന്നു.

(ഡി) പദ്ധതികൾ കൃഷി വകുപ്പ് നേരിട്ട് നടപ്പിലാക്കി വരികയാണ്.

(ഇ) പുഷ്പകൃഷി പദ്ധതിപ്രകാരം 2000 യുവാക്കൾക്ക് പ്രത്യക്ഷമായും 6000 യുവാക്കൾക്ക് പരോക്ഷമായും തൊഴിലവസരം നൽകുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷ്യമിട്ടിരിക്കുന്നു. വനിതകളുടെ വികസനത്തിനായുള്ള പദ്ധതി പ്രകാരം 125 വനിതകൾക്ക് പ്രത്യക്ഷമായി തൊഴിലവസരം ഉണ്ടാകുന്നതാണ്. സമൃദ്ധി സ്റ്റാൾ മുഖേന 140 പേർക്ക് തൊഴിലവസരം ലഭിക്കുന്നതാണ്. ഊർജ്ജിത പച്ചക്കറി കൃഷി പദ്ധതി പ്രകാരം 24 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. 27500-ലേറെ കർഷകർ ഈ പദ്ധതിയിൽ പങ്കെടുക്കുകയും വരുമാനം ഉണ്ടാക്കുകയും ചെയ്തു.

(എഫ്) ഇല്ല. ചോദ്യം ഉദിക്കുന്നില്ല.

(ജി) പുഷ്പകൃഷി പദ്ധതിക്ക് 360 ലക്ഷം രൂപയും വനിതകളുടെ ഉന്നമനത്തിനായുള്ള പദ്ധതിയ്ക്ക് 25 ലക്ഷം രൂപയും സമൃദ്ധി പദ്ധതിയ്ക്ക് 20 ലക്ഷം രൂപയും ഉഷ്ണ മേഖലയിൽ പഴവർഗ്ഗ വികസന പദ്ധതിയ്ക്ക് 10 ലക്ഷം രൂപയും വകകൊള്ളിച്ചിട്ടുണ്ട്. പച്ചക്കറി കൃഷിയ്ക്ക് 700 ലക്ഷം രൂപയും വകകൊള്ളിച്ചിട്ടുണ്ട്.

(എച്ച്) എല്ലാ പദ്ധതികളും തുടർപദ്ധതികളാണ്.

ശബരിമല ക്ഷേത്രത്തിലെ പ്രസാദ വിതരണം.

24 (*531) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ മണ്ഡല-മകരവിളക്ക് കാലത്ത് ശബരിമല ക്ഷേത്രത്തിലെ പ്രസാദമായ അരവണ പായസം നിർമ്മാണത്തിനും വിതരണത്തിനും ഏത് കമ്പനിയ്ക്കാണ് കരാർ കൊടുത്തതെന്ന് വ്യക്തമാക്കാമോ ;

(ബി) കരാർ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) ഇതിനായി ഏതെല്ലാം സ്ഥാപനങ്ങളും കമ്പനികളും അപേക്ഷിച്ചിരുന്നു ; വിശദവിവരം വെളിപ്പെടുത്തുമോ ;

(ഡി) ക്വട്ടേഷൻ അനുസരിച്ചാണോ അരവണ നിർമ്മാണത്തിനും വിതരണത്തിനും ഉള്ള അവകാശം പ്രസ്തുത കമ്പനിയ്ക്ക് ഉറപ്പിച്ചു കൊടുത്തത് ; എങ്കിൽ എന്തു തുകയ്ക്കാണ് നല്കിയതെന്ന് വെളിപ്പെടുത്തുമോ ; ക്വട്ടേഷൻ വ്യവസ്ഥകൾ വിശദമാക്കുമോ ;

(ഇ) ഏതു കമ്പനിയ്ക്കാണ് ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ നല്കിയത് ; ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ നല്കിയ കമ്പനിയ്ക്ക് തന്നെയാണോ ടെണ്ടർ ഉറപ്പു നല്കിയത് എന്ന് വ്യക്തമാക്കാമോ ;

(എഫ്) അല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ ;

(ജി) ഒരു ബോട്ടിൽ അരവണ വിതരണം ചെയ്തപ്പോൾ ദേവസ്വത്തിന് എന്തു തുക ലഭിച്ചിട്ടുണ്ട് ; കരാർ കമ്പനിയ്ക്ക് എന്തു തുക ലഭിച്ചു ;

(എച്ച്) ഒരു ബോട്ടിൽ അരവണ എന്തു തുകയ്ക്കാണ് ഭക്തർക്ക് വിതരണം ചെയ്തതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly